A

# സമഗ്ര ശിക്ഷാ, കേരളം

505

## പാദവാർഷിക മൂല്യനിർണയം 2019-20

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലേയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

**പ്രവർത്തനം - 1**

**ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്.**

എ) താഴെ തന്നിരിക്കുന്ന ചുമർപത്രിക പൂർത്തിയാക്കുക.

| ചരിത്രശേഷിപ്പുകളുടെ ചിത്രം | പേര് |
|---|---|
|  | |
|  | |

ബി) മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിലെ ചരിത്രശേഷിപ്പുകൾ എന്താവശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു?

സി) ചരിത്രശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. വിശദീകരിക്കുക.

**പ്രവർത്തനം - 2**

**കാലഗണനയും കാലബോധവും ചരിത്രപഠനത്തിനും ചരിത്ര രചനയ്ക്കും ഒഴിച്ചുകൂടാനാവാത്തതാണ്.**

എ) താഴെ തന്നിരിക്കുന്ന സംഭവങ്ങൾ ഏതു നൂറ്റാണ്ടിലാണെന്ന് കണ്ടെത്തുക.

| വർഷം | സംഭവം | നൂറ്റാണ്ട് |
|---|---|---|
| എ.ഡി.1930 | ഉപ്പുസത്യാഗ്രഹം | |
| എ.ഡി. 1857 | ഒന്നാം സ്വാതന്ത്ര്യസമരം | |
| ബി.സി.261 | കലിംഗ യുദ്ധം | |

ബി) കാലഗണനയുമായി ബന്ധപ്പെട്ട **സി.ഇ, ബി.സി.ഇ** എന്നിവ എന്തെന്ന് വിശദീകരിക്കുക.

പ്രവർത്തനം – 3

**പല സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് കുടുംബം.**

എ) കുടുംബത്തിന്റെ സവിശേഷതകൾ 'എ' കോളത്തിൽ കൊടുത്തിരിക്കുന്നു. അവയെ 'ബി' കോളത്തിലെ വസ്തുതകളുമായി യോജിപ്പിച്ചെഴുതുക.

| എ | ബി |
|---|---|
| ദേശഭാഷകൾക്ക് അതീതം | കുടുംബത്തിലെ അംഗങ്ങൾ എണ്ണത്തിൽ കുറവ് |
| പരിമിതമായ വലുപ്പം | സ്നേഹം, വാത്സല്യം, സുരക്ഷിതത്വബോധം |
| വൈകാരിക ബന്ധങ്ങൾ | ചുമതലകൾ നിർവഹിക്കൽ |
| ഉത്തരവാദിത്ത ബോധം | എല്ലായിടത്തും കുടുംബമുണ്ട്. |

ബി) സ്കൂളിൽ പോകും വഴി അപകടത്തിൽപ്പെട്ട ആൻസി ആദ്യം ആവശ്യപ്പെട്ടത് വീട്ടിൽ പോകണമെന്നാണ്.

ഈ ഉദാഹരണത്തിൽ കുടുംബം നിർവഹിക്കുന്ന ധർമം ഏതെന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് കണ്ടെത്തി എഴുതുക.

| |
|---|
| അടിസ്ഥാന ആവശ്യങ്ങൾ |
| സുരക്ഷിതത്വബോധം |
| പെരുമാറ്റശീലങ്ങൾ |

പ്രവർത്തനം – 4

**വരുമാന സ്രോതസുകൾക്ക് വൈവിധ്യം ഉണ്ട്.**

എ) പട്ടികപൂർത്തിയാക്കുക.

| തൊഴിൽ | വരുമാനം |
|---|---|
| **സർക്കാർ ജോലി** | . . . . . . . . . . . . . . |
| . . . . . . . . . . . . . . | ലാഭം |
| മഹിളാ പ്രധാൻ ഏജന്റ് | . . . . . . . . . . . . . . |

ബി) താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും അപ്രതീക്ഷിത ചെലവുകൾ തിരഞ്ഞെടുത്തെഴുതുക.

| |
|---|
| ഭക്ഷണച്ചെലവ്, അപകട ചികിത്സാച്ചെലവ്, വായ്പകളുടെ തിരിച്ചടവ്, പ്രകൃതി ദുരന്തനിവാരണ ചെലവ് |

പ്രവർത്തനം – 5

**വെങ്കലയുഗത്തിൽ നദീതട സംസ്കാരങ്ങൾ വികാസം പ്രാപിച്ചു.**

എ) താഴെകൊടുത്തിരിക്കുന്ന നദീതട സംസ്കാര സവിശേഷതകൾ അവയുടെ പട്ടികയിൽ ചേർത്തെഴുതുക.

പിരമിഡുകൾ | ഹൊയാങ്ഹോ നദീതടം | ക്യൂണിഫോം ലിപി

| മെസൊപ്പൊട്ടേമിയൻ സംസ്കാരം | ഈജിപ്ഷ്യൻ സംസ്കാരം | ചൈനീസ് സംസ്കാരം |
|---|---|---|
| എ) ............ | ബി) ............ | സി) ............ |

ബി) ഹരപ്പൻ സംസ്കാരത്തിന്റെ സവിശേഷതകൾ ആധുനിക ലോകത്തെപ്പോലും അത്ഭുതപ്പെടുത്തുന്നവയാണ്. വിശദീകരിക്കുക.

**പ്രവർത്തനം – 6**

**ആദിമ മനുഷ്യരുടെ ജീവിതത്തെ സ്വാധീനിച്ച ഒരു പ്രധാന വസ്തുവായിരുന്നു ശില.**

എ) ആദിമ മനുഷ്യൻ എന്തിനൊക്കെയായിരിക്കും പരുക്കൻ കല്ലുകൾ ഉപയോഗിച്ചിരുന്നത്?

ബി) നവീന ശിലായുഗത്തിലെയും പ്രാചീന ശിലായുഗത്തിലെയും ആയുധങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

**പ്രവർത്തനം – 7**

**സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം.**

എ) താഴെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങളിൽ കുടുംബം നിർവഹിക്കുന്ന ധർമങ്ങൾ ഏതെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| സന്ദർഭങ്ങൾ | കുടുംബത്തിന്റെ ധർമം |
|---|---|
| എ) എല്ലാ ജന്മദിനത്തിലും അമ്മ എനിക്ക് സമ്മാനം വാങ്ങിത്തരാറുണ്ട്. | |
| ബി) മുതിർന്നവരെ ബഹുമാനിക്കണമെന്ന് അച്ഛൻ എന്നെ ഉപദേശിക്കാറുണ്ട്. | |
| സി) അച്ഛനും അമ്മയും കൂടെ ഉള്ളപ്പോൾ ഞാൻ സന്തോഷവാനാണ്. | |

ബി) അണുകുടുംബം, കൂട്ടുകുടുംബം ഇവ എന്തെന്ന് വിശദീകരിക്കുക.

**പ്രവർത്തനം – 8**

**എല്ലാ കുടുംബങ്ങളുടെയും വരവുചെലവുകൾ ഒരുപോലെയല്ല.**

എ) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു കുടുംബത്തിനാണ് സാമ്പത്തിക സുരക്ഷിതത്വം ഉള്ളത്?

1. വരുമാനം കുറവ്, ചെലവ് കൂടുതൽ
2. വരുമാനവും ചെലവും തുല്യം
3. വരുമാനം കൂടുതൽ, ചെലവ് കുറവ്

ബി) മിതവ്യയശീലം എന്നാൽ എന്ത്?

സി) മിതവ്യയശീലം വളർത്തുന്നതിനുവേണ്ടി സ്വീകരിക്കാവുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക. (മൂന്നു കാര്യങ്ങളെങ്കിലും ഉൾപ്പെടുത്തുക)